CYAN MAGENTA YELLO BLACK

04 KeralaKaumudi Flash Midday Newspaper

2010 മാർച്ച് 11 വ്യാഴം

NEWS BITS

### പെൻഷണേഴ്സ് യൂണിയൻ

നെയ്യാറ്റിൻകര : കേരളസ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് യൂണിയൻ അമരവിള യൂണിറ്റ് ഭാരവാഹികൾ:ജെ.കുമാരദാസ് (പ്രസിഡന്റ്), ടി.രാജൻ, കെ.തങ്കപ്പൻനായർ (വൈസ് പ്രസിഡന്റുമാർ ), പി.ഡെന്നീസൻ (സെക്രട്ടറി), എച്ച്.ജയചന്ദ്രൻ (ട്രഷറർ)

### ബാഹുലേയനെ അനുമോദിച്ചു

പാറശ്ശാല : സ്റ്റേറ്റ് ബാങ്ക് ഒഫ് ട്രാവൻകൂർ ധനുവച്ചപുരം ശാഖയിലെ എ.ടി.എം കൗണ്ടറിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ദീർഘദൂരം ഓട്ടക്കാരൻ ബാഹുലേയനെ അനുമോദിച്ചു. ആർ. സെൽവരാജ് എം. എൽ.എ ഉദ്ഘാടനം ചെയ്തു.

### വ്യാസ വിദ്യാലയ വാർഷികം

പാറശ്ശാല : കാരക്കോണം വ്യാസ വിദ്യാലയത്തിന്റെ 29-ാമത് വാർഷികോത്സവം ഗാനരചയിതാവ് ചുനക്കര രാമൻകുട്ടി ഉദ്ഘാടനം ചെയ്തു. കെ. മുരുകേശൻ ആശാരി അദ്ധ്യക്ഷത വഹിച്ചു. കെ. സുകുമാരൻ, ബിജു ബാലകൃഷ്ണൻ,തുടങ്ങിയവർ സംസാരിച്ചു.

### ടാക്സി റിക്ഷാ വെൽഫെയർ അസോസിയേഷൻ

കാട്ടാക്കട: നെയ്യാർ ഡാം ടാക്സി റിക്ഷാ വെൽഫെയർ അസോസിയേഷന്റെ ആറാം വാർഷികവും പൊതുസമ്മേളനവും ഇന്ന് വൈകിട്ട് 5.30ന് നെയ്യാർ ഡാം ഹൈസ്ക്കൂൾ ആഡിറ്റോറിയത്തിൽ നടക്കും.

അസോസിയേഷൻ പ്രസിഡന്റ് രാജേഷ് പുനുവന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പൊതുസമ്മേളനം ജലവിഭവവകുപ്പ് മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

ശിവാനന്ദാശ്രമമഠാധിപതി സ്വാമി മഹാദേവാനന്ദജി അവാർഡ്ദാനം നിർവ്വഹിക്കും. ജില്ലാ പഞ്ചായത്തംഗം അഡ്വ. ഐ.ബി സതീഷ്, കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽ. സാനുമതി തുടങ്ങിയവർ സംസാരിക്കും.

### ബി.ജെ.പി ഭാരവാഹികൾ

നെടുമങ്ങാട്: ബി.ജെ.പി വാമനപുരം നിയോജക മണ്ഡലം കമ്മിറ്റി ഭാരവാഹികളായി ഭഗവതികോണം രവി, ശ്രീജ കല്ലറ, നന്ദിയോട് ശ്രമതിയമ്മ, പെരിങ്ങമ്മല അജിത (വൈസ് പ്രസിഡന്റുമാർ), കാഞ്ഞിരംപാറ സുരേഷ് , കുറ്റിമൂട് മുരളി, ആനാട് ജയപ്രസാദ്, കല്ലറ മഞ്ജുരാജ് (സെക്രട്ടറിമാർ), എന്നിവരെ നിയമിച്ചതായി നിയോജക മണ്ഡലം പ്രസിഡന്റ് എം.ആർ. ചന്ദ്രൻ അറിയിച്ചു.

### കോൺഗ്രസ് യോഗം

കോവളം : കോട്ടുകാൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച രാഷ്ട്രീയ വിശദീകരണയോഗം ഡി.സി.സി പ്രസിഡന്റ് അഡ്വ. വി. എസ് ശിവകുമാർ ഉദ്ഘാടനം ചെയ്തു. അഡ്വ. ജോർജ് മെഴ്സിയർ എം. എൽ. എ തൊഴിലുറപ്പ് പദ്ധതി തിരിച്ചറിയൽ കാർഡ് വിതരണം നടത്തി.

കോട്ടുകാൽ ജയരാജിന്റെ അദ്ധ്യക്ഷതയിൽകൂടിയ രാഷ്ട്രീയ വിശദീകരണ യോഗത്തിൽവച്ച് സി.പി. എം വിട്ട എൽ. ശശിധരൻ, ബി. ഉഷാകുമാരി, എസ്. വിശ്വനാഥൻ തുടങ്ങിയവർക്ക് വി. എസ്. ശിവകുമാർ അംഗത്വം വിതരണം ചെയ്തു.

വട്ടവിള വിജയകുമാർ, കോളിയൂർ ദിവാകരൻ നായർ, വിൻസന്റ്, വെങ്ങാനൂർ കെ. ശ്രീകുമാർ, ആർ. അശോക കുമാരൻനായർ, സദാശിവൻ നായർ തുടങ്ങിയവർ സംസാരിച്ചു.

# സുരക്ഷയില്ലാത്ത സ്ത്രീവാർഡുകൾ

## പാമ്പും പട്ടികളും അതിഥികൾ

തിരുവനന്തപുരം: ജനലും വാതിലുമൊന്നുമില്ലാതെ തുറന്നുകിടക്കുന്നു. ആർക്കും എപ്പോഴും കടന്നുചെല്ലാം. ആരും തടയില്ല- പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിലെ സ്ത്രീകളുടെ വാർഡിന്റെ അവസ്ഥയാണിത്. തുറസ്സായ ഹാളുകളിലാണ് ഇവിടെ സ്ത്രീകളെ കിടത്തി ചികിത്സിക്കുന്നത്.തീരെ അവശരായ രോഗികൾ വരെ ഇക്കൂട്ടത്തിലുണ്ട്. മഞ്ഞായാലും മഴയായാലും സഹിക്കുകതന്നെ. തങ്ങൾക്ക് ഒരു സുരക്ഷയും ലഭിക്കുന്നില്ലെന്ന് രോഗികൾ പറയുന്നു.



പുലയനാർകോട്ട ആശുപത്രിയിലെ സ്ത്രീകളുടെ ഒരു വാർഡ്

തുറന്നുകിടക്കുന്നതിനാൽ മോഷ്ടാക്കൾക്ക് പ്രിയപ്പെട്ട സ്ഥലംകൂടിയാണിത്. കഴിഞ്ഞ ദിവസം ഒമ്പതാം വാർഡിൽ നിന്ന് ഒരു രോഗിയുടെ ബന്ധുവിന്റെ മൊബൈൽഫോൺ കവർന്നത് ഒടുവിലത്തെ ഉദാഹരണം. അന്നുതന്നെ കള്ളൻമറ്റൊരുരോഗിയുടെ കഴുത്തിൽ തപ്പിനോക്കുകയും ചെയ്തത്രേ. ഇതിനുമുമ്പും ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും രോഗികൾ പറയുന്നു. കള്ളന്മാരെ ഭയന്ന് പലരോഗികളും രാത്രിയിൽ ഉറക്കം ഉപേക്ഷിച്ചിരിക്കുകയാണ്. ആശുപത്രിയിൽ സെക്യൂരിറ്റിക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും വേണ്ടത്രപ്രയോജനം അതുകൊണ്ട് കിട്ടുന്നില്ലെന്നാണ് മിക്കരോഗികളും പറയുന്നത്.വരാന്തയോടുചേർന്ന ഇടനാഴിയുടെ തൂണുകൾക്കിടയിൽ ഇരുമ്പുഗ്രിൽ പിടിപ്പിച്ച് സുരക്ഷ ഉറപ്പാക്കാവുന്നതേ ഉള്ളൂ. പക്ഷേ അതുപോലും അധികൃതർ ചെയ്യുന്നില്ല.

കള്ളന്മാരെ മാത്രമല്ല ഇഴജന്തുക്കളെയും പട്ടിയെയും പൂച്ചയെയും പേടിച്ചേ രോഗികൾക്ക് ഇവിടെ കഴിയാനൊക്കൂ. വാർഡുകളുടെ പിന്നിലും മുന്നിലുമൊക്കെ കൊടുംകാടാണ്. ഈ കാട് ഇഴജന്തുക്കളുടെ വിഹാരകേന്ദ്രവും. ചിലപ്പോൾ രാത്രിയിൽ ഇഴജന്തുക്കൾ വാർഡുകളിൽ എത്താറുണ്ടത്രേ. രാത്രിയിൽ ബാത്ത്റൂമിൽ പോകുന്നതും രോഗികൾക്ക് പേടിസ്വപ്നമാണ്. അപ്പുറവും ഇപ്പുറവുമൊക്കെ കിടക്കുന്നവരെ കൂട്ടിന്‌വിളിച്ചാണ് തൊട്ടപ്പുറത്തുള്ള കക്കൂസിൽ പോകുന്നത് .ആഹാര സാധനങ്ങൾ പൂച്ചയും പട്ടിയുമൊക്കെ കൈക്കലാക്കുന്നത് ഇവിടത്തെ നിത്യസംഭവം.ഇടയ്ക്ക് ആശുപത്രി അധികൃതർ കാട് വെട്ടിത്തെളിക്കാറുണ്ടെങ്കിലും കുറച്ചുദിവസിത്തിനകംതന്നെ അത് പഴയപടിയാകും.

സ്ത്രീകളുടെ വാർഡുകൾക്ക് മാത്രമാണ് ഈ സ്ഥിതി. നല്ല അടച്ചുറപ്പുള്ളതാണ് പുരുഷന്മാരുടെ വാർഡുകൾ. ആശുപത്രിലെ നാല്, അഞ്ച്, ആറ് വാർഡുകൾ അറ്റകുറ്റപ്പണിക്കായി അടച്ചതുമുതലാണ് പ്രശ്നങ്ങൾ തുടങ്ങിയത്. താത്കാലിക സംവിധാനം എന്നനിലയിൽ സത്രീകളെ ഇപ്പോഴത്തെ വാർഡുകളിലേക്ക് മാറ്റി.സ്ത്രീരോഗികളുടെ എണ്ണക്കുറവും ഇതിനൊരുകാരണമായി.

പക്ഷേ വാർഡുകളുടെ അറ്റകുറ്റപ്പണികൾ മാത്രം ഇതുവരെ എങ്ങുമെത്തിയില്ല. അതെന്ന് തീരുമെന്ന് ആർക്കും അറിയില്ല. അതിനാൽ താത്കാലികം ഇപ്പോഴും സ്ഥിരമായി തുടരുന്നു.

ആശുപത്രിക്ക് ചുറ്റുമതിലില്ലാത്തതും വലിയൊരുപ്രശ്നമാണ്. ആർക്കും എപ്പോഴും ആശുപത്രിപരിസരത്ത് പ്രവേശിക്കാം. സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെങ്കിലും ചുറ്റുമതിലില്ലാത്ത ത് അവരുടെ ജോലി ദുഷ്കരമാക്കുന്നു.ഭരണാധികാരികൾ അല്പമൊന്നുമനസുവച്ചാൽ ഇവിടെത്തെ പ്രശ്നങ്ങൾ എളുപ്പത്തിൽ തീർക്കാനാവുന്നതേയുള്ളൂ. പക്ഷേ അവർ ഇതൊന്നും കാണുന്നില്ല.

### പ്രതിഷേധിച്ചു

കോവളം : വിഴിഞ്ഞത്ത് മുല്ലൂർ കോൺഗ്രസ് വാർഡ് പ്രസിഡൻറ് പങ്കജാക്ഷൻ വൈദ്യരെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികളെ പോലീസ് വിട്ടയച്ചതിൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റി പ്രതിഷേധിച്ചു. തലയ്ക്കടിച്ച് ഗുരുതരമായി പരിക്കേല്പിച്ചിട്ടും പ്രതികൾക്കെതിരെ ശകതമായ നടപടി സ്വീകരിക്കാതെ വിട്ടയച്ചതിൽ ഗൂഢാലോചനയുണ്ടെന്നും മണ്ഡലം കമ്മിറ്റി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ പൊലീസ് തയ്യാറാകണമെന്നും മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു

### നേമം യൂണിയൻ യോഗം

ബാലരാമപുരം : എസ്.എൻ.ഡി.പി യോഗം നേമം യൂണിയനിലെ ശാഖാ പ്രസിഡന്റുമാർ, സെക്രട്ടറിമാർ,പ്രതിനിധികൾ എന്നിവരുടെ സംയുക്തയോഗം യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് സുപ്രിയസുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു.

ശാഖകളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ യോഗം തീരുമാനിച്ചു. കൗൺസിലർമാരായ അരുവിക്കര പ്രഭാകരൻ, വിജയകുമാർ, സനൽകുമാർ, ബാബുരാജ് എന്നിവർ സംസാരിച്ചു.

**അരികെ ഒരു ഡോക്ടർ** gastroenterology

# അപ്പെൻഡിസൈറ്റിസ് കൂടുതൽ കൗമാരക്കാരിൽ

**ചോദ്യം:** അപ്പെൻഡിസൈറ്റിസ് രോഗം ഉണ്ടാകുന്നതെപ്പോൾ? ഇത് ഏത് പ്രായക്കാരിലാണ് കൂടുതലായി കാണുന്നത്?

**അയൂബ്, കോട്ടപ്പുറം.**

**ഉത്തരം:** അപ്പെൻഡിസൈറ്റിസ് എന്ന രോഗത്തെക്കുറിച്ച് കേൾക്കാത്തവരായി അധികമാരും ഉണ്ടാവില്ല. ഉദരരോഗ ശസ്ത്രക്രിയകൾ ഏറ്റവുമധികം നടത്തുന്നത് ഈ രോഗത്തിനു വേണ്ടിയാണ്. പത്തിനും പത്തൊമ്പതിനുമിടയിൽ പ്രായമുള്ളവരിലാണ് ഇത് അധികമായി കണ്ടുവരുന്നത്. തക്കസമയത്ത് രോഗം തിരിച്ചറിഞ്ഞ് വേണ്ട ചികിത്സ നൽകുക എന്നത് അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ച് 3 വയസ്സിനു താഴെയുള്ള കുട്ടികളിലെയും 60 വയസ്സിനു മുകളിൽ പ്രായമുള്ളവരിലെയും അപ്പെൻഡിസൈറ്റിസ്. ഈ പ്രായക്കാരിലാണ് അപകടസാധ്യത കൂടുതൽ. പണ്ട് 30 ശതമാനം




വരെ ഉണ്ടായിരുന്ന മരണനിരക്ക് ഇപ്പോൾ ആധുനിക വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടുകൂടി ഒരു ശതമാനത്തിൽ താഴെയായിട്ടുണ്ട്.

കുടലിന്റെ ആവശ്യമില്ലാത്ത ഒരു അവശേഷിപ്പാണ് അണിവിരലിനേക്കാൾ ചെറുതായ അപ്പെൻഡിക്സ് എന്ന അവയവം. ചെറുകുടലും വൻകുടലും തമ്മിൽ ചേരുന്ന ഇലിയോസീക്കൽ വാൽവിനടുത്താണ് അപ്പെൻഡിക്സ് സ്ഥിതിചെയ്യുന്നത്. കുടലിന്റെ എല്ലാ പാളികളും ഘടകങ്ങളും ഇതിനുമുണ്ട്. അതിന്റെ സ്ഥാനം പല ദിശകളിലേക്ക് ചരിഞ്ഞിരിക്കാം. ഇതിൽ സീക്കത്തിനു പിൻഭാഗത്തേയ്ക്കുള്ള റിട്രോസീക്കൽ സ്ഥാനമാണ് കൂടുതൽ അപകടകാരി. കാരണം അസുഖത്തിന്റെ ലക്ഷണങ്ങൾ തക്കസമയത്ത് പുറത്ത് വരാത്തതുകൊണ്ട് വളരെ കൂടിയതിനു ശേഷമേ അസുഖം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. നേരെ മറിച്ച് മുന്നോട്ടു ചരിഞ്ഞിരിക്കുന്ന അപ്പെൻഡിക്സ് പെട്ടെന്ന് ധാരാളം ലക്ഷണങ്ങൾ പ്രകടമാക്കുന്നതുകൊണ്ട് അസുഖം വേഗം തിരിച്ചറിയാനും ചികിത്സിക്കാനും സാധിക്കും.

ഏകദേശം 3 മുതൽ 10 സെ.മി വരെ വ്യാസമുള്ള അപ്പെൻഡിക്സ് വൻകുടലിന്റെ സീക്കത്തിലേയ്ക്കാണ് തുറക്കപ്പെടുന്നത്. ചുറ്റുമുള്ള ലിംഫ് ഗ്രന്ഥികൾക്ക് ഇതുമൂലം വീക്കം വന്ന് തടസ്സം സൃഷ്ടിക്കുമ്പോഴാണ് അപ്പെൻഡിക്സ് അവയവത്തിൽ അപ്പെൻഡിസൈറ്റിസ് രോഗം ഉണ്ടാകുന്നത്.

വീക്കം, ഞെരുക്കം, പഴുപ്പ് കെട്ട്, തുള വീഴൽ എന്നീ അവസ്ഥകളിൽ കൂടി കടന്ന് അപ്പെൻഡിസൈറ്റിസ് അവസാനം പെരിട്ടോണയ്റ്റിസ് എന്ന ഗുരുതരഘട്ടം വരെ എത്തിച്ചേരാം. അപ്പെൻഡിക്സിൽ നിന്നുള്ള വേദനാ സന്ദേശം ഞരമ്പുകൾ വഴി സ്പൈനൽ കോഡിൽ എത്തുമ്പോഴാണ് വേദന അനുഭവപ്പെടുന്നത്. വീക്കം വച്ച അപ്പെൻഡിക്സിൽ ഈ.കോളൈ പോലുള്ള ബാക്റ്റീരിയകൾ കടന്നുകൂടി അണുബാധയുണ്ടാക്കുന്നു.



**ഡോ.കെ.ആർ.തങ്കപ്പൻ,**
**സീനിയർ കൺസൾട്ടന്റ്**
**ഗ്യാസ്ട്രോ എന്ററോളജിസ്റ്റ്,**
**അനന്തപുരി ഹോസ്പിറ്റൽസ്,**
**തിരുവനന്തപുരം.**
**ഫോൺ: 0471 2579900,**
**9895743585**